പത്രക്കുറിപ്പ്

# ഗുണ്ടാ പ്രവർത്തനം ഇല്ലാതാക്കാൻ നഗരത്തിൽ പോലീസ് റെയ്ഡ് തുടരുന്നു.

# വധശ്രമക്കേസിലെ പ്രതി പിടിയിൽ.

# ബോംബ് നിർമ്മാണത്തിനിടെ സ്ഫോടനം– നാലാം പ്രതിയും പിടിയിൽ.

# തലസ്ഥാനത്ത് ഹോം-ക്വാറന്റൈൻ ലംഘനം ഒരാൾക്കെതിരെ കേസ്.

തിരുവനന്തപുരം:– തലസ്ഥാനത്ത് ഗുണ്ടാ പ്രവർത്തനം തടയുന്നതിനായി നഗരത്തിൽ കഴിഞ്ഞ രണ്ട് ദിവസമായി സിറ്റി പോലീസ് നടത്തി വരുന്ന റെയ്ഡ് ഇന്നലെയും തുടർന്നു. വലിയതുറ സ്റ്റേഷനിലെ വധശ്രമക്കേസിലെ പ്രതി റെയ്ഡിൽ പിടിയിലായതായി ഐജിപിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ബാലനഗർ സ്വദേശി സുമേഷ് (33) ആണ് അറസ്റ്റിലായത്. അതോടൊപ്പം ബോംബ് നിർമ്മാണത്തിനിടെ സ്ഫോടനം ഉണ്ടായ കേസിലെ നാലാം പ്രതിയും ഇന്നലെ പോലീസ് പിടിയിലായി. ഞാണ്ടൂർക്കോണം സ്വദേശി ദീപു(35) വിനെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്.അതേ സമയം നഗരത്തിൽ ഹോം ക്വാറന്റൈൻ ലംഘനം നടത്തിയ ഒരാൾക്കെതിരെ ഇന്നലെ കേസെടുത്തു. കാഞ്ഞിരംപാറ സ്വദേശിയായ 40 വയസ്സുകാരനെതിരെയാണ് വട്ടിയൂർക്കാവ് പോലീസ് കേസ് എടുത്തതെന്നും കമ്മീഷണർ അറിയിച്ചു .

ഗുണ്ടാ പ്രവർത്തനം ഇല്ലാതാക്കാൻ നഗരത്തിൽ പോലീസ് റെയ്ഡ് തുടരുന്നു.വധശ്രമക്കേസിലെ പ്രതി പിടിയിൽ

തലസ്ഥാനത്ത് ഗുണ്ടാപ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി നഗരത്തിൽ രണ്ട് ദിവസമായി സിറ്റി പോലീസ് നടത്തിവരുന്ന റെയ്ഡ് ഇന്നലെയും തുടർന്നു. ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ടവർ, റൗഡി ലിസ്റ്റിൽ ഉൾപ്പെട്ടവർ, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടവർ എന്നിവരുടെ വീടുകൾ കേന്ദ്രീകരിച്ചാണ് സിറ്റിയിലെ വിവിധ സ്റ്റേഷൻ പരിധികളിൽ പരിശോധന നടത്തിയത്. ഇന്നലെ നഗരത്തിലെ 240 പേരുടെ വീടുകളിലാണ് പരിശോധന നടത്തിയത്. റെയ്ഡിൽ വലിയതുറ സ്റ്റേഷൻ പരിധിയിൽ ഒരു വധശ്രമ കേസിലെ പ്രതിയായ ബാലനഗർ സ്വദേശി സുമേഷ് (33) നെ ഇന്നലെ വലിയതുറ എസ്എച്ച് ഓ യുടെ നേതൃത്വത്തിൽ അറസ്റ്റു ചെയ്തു. പരിശോധനാ സമയം വീടുകളിൽ ഇല്ലായിരുന്ന ആളുകളുടെ വിവരങ്ങൾ പ്രത്യേകം ശേഖരിച്ച് കൂടുതൽ അന്വേഷണം നടത്തും. ഗുണ്ടാ റൗഡി ലിസ്റ്റുകളിൽ ഉൾപ്പെട്ട ആളുകൾ ഏതെങ്കിലും പുതിയ കേസ്സുകളിൽ ഉൾപ്പെടുകയാണെങ്കിൽ അവർക്കെതിരെ ഗുണ്ടാആക്ട് പ്രകാരമുള്ള കരുതൽ തടങ്കൽ നടപടികൾ സ്വീകരിക്കുന്നതാണ്. സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായയുടെ നിർദ്ദേശാനുസരണം ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ.ദിവ്യ.വി.ഗോപിനാഥിന്റെ മേൽനോട്ടത്തിൽ സബ് ഡിവിഷണൽ അസ്സിസ്റ്റന്റ് കമ്മീഷണർമാർ, എസ്.എച്ച്.ഒ–മാർ, സബ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക ടീമുകൾ രൂപീകരിച്ചാണ് പരിശോധന നടത്തിയത്. വരും ദിവസങ്ങളിലും ഗുണ്ടാ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ തുടരുമെന്ന് സിറ്റി പോലീസ് കമ്മീഷ ണർ അറിയിച്ചു.

## ബോംബ് നിർമ്മാണത്തിനിടെ സ്ഫോടനം – നാലാം പ്രതിയും പിടിയിൽ

മെഡിക്കൽകോളേജ് പോലീസ് സ്റ്റേഷൻ പരിധിയിലെ കേശവദാസപുരം മോസ്ക് ലെയിനിൽ ബോംബ് നിർമ്മാണത്തിനിടെ സ്ഫോടനം ഉണ്ടായ കേസിലെ നാലാം പ്രതിയും പിടിയിലായി. ഞാണ്ടൂർക്കോണം അംബേദ്കർ നഗർ ആയില്യം വീട്ടിൽ ബാബുവിന്റെ മകൻ ദീപു (35) വിനെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസിലെ മൂന്ന് പ്രതികളായ ഉള്ളൂർ പാറോട്ടുകോണം ലക്ഷം വീട് കോളനിയിൽ അവശ്ശു രതീഷ് എന്ന് വിളിക്കുന്ന രതീഷ്(35), ശാന്തിപുരം കല്ലികോട് വീട്ടിൽ ശബരി എന്ന് വിളിക്കുന്ന സ്റ്റീഫനൻ (29), ശ്രീകാര്യം ചെമ്പഴന്തി സൗപർണ്ണിക വീട്ടിൽ വിഷ്ണു വിജയൻ(31) എന്നിവരെ കഴിഞ്ഞ ദിവസങ്ങളിൽ അറസ്റ്റ് ചെയ്തിരുന്നു. ഇതോടെ ഈ കേസിലെ എല്ലാ പ്രതികളും പിടിയിലായി. മെഡിക്കൽകോളേജ് എസ്.എച്ച്.ഓ ഹരിലാലിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതികളെ പിടികൂടിയത്.



അറസ്റ്റിലായ
ദീപു (35)

## ഹോം ക്വാറന്റൈൻ ലംഘനം ഒരാൾക്കെതിരെ കേസ്

തലസ്ഥാനത്ത് ഹോം ക്വാറന്റൈൻ ലംഘനം നടത്തിയ ഒരാൾക്കെതിരെ കേസെടുത്തു. ഇയാൾ കോവിഡ് പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട് വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷൻ പരിധിയിലെ കാഞ്ഞിരംപാറയിലുള്ള വീട്ടിൽ ക്വാറന്റൈനിൽ കഴിഞ്ഞിരുന്ന 40 വയസ്സുകാരനാണ്. ക്വാറന്റൈനിൽ

കഴിയുന്നവരെ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി പോലീസ് ഇയാളുടെ വീട്ടിൽ പരിശോധനയ്ക്ക് എത്തിയപ്പോൾ ഇയാൾ വീട്ടിൽ ഇല്ലായിരുന്നു. തുടർന്ന് പോലീസ് ഇയാളെ അന്വേഷിച്ചു കണ്ടെത്തി തിരികെ ക്വാറന്റൈനിൽ ആക്കുകയും ഇയാൾക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരവും, കേരള പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരവും, ഐ.പി.സി വകുപ്പുകൾ പ്രകാരവും കേസെടുക്കുകയും ചെയ്തു.

## കോവിഡ് സുരക്ഷ- കേസ് വിവരം

കോവിഡ് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ ഇന്നലെ (06-09-2020) രോഗ വ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 8 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 47 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 19 പേരിൽ നിന്നുമായി 13,200/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 3 വാഹനങ്ങൾക്കെതിരെയും നിയമ നടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
06-09-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി